LIBRARY ARCHIVES Kerala Legislative Assembly

## കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർ തസ്തിക

137 (5864) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ 2016 ഒക്ടോബർ മാസം വരെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ റെഗുലർ തസ്തികകളിലും അല്ലാതെയും എത്രപേർ ജോലി ചെയ്തിട്ടുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) 1-6-2015 മുതൽ 31-3-2017 വരെ സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെകടർ/ഓഡിറ്റർ തസ്തികയിൽ റെഗുലർ തസ്തികകളിലല്ലാത്തതും തുടർച്ചാനുമതി ലഭിക്കാത്തതുമായ തസ്തികകൾ എത്ര; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സഹകരണ വകുപ്പിൽ 2016 ഒക്ടോബർ മാസത്തിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർ തസ്തികയിൽ റഗുലർ തസ്തികകളിലും അല്ലാതെയും 964 പേർ ജോലി ചെയ്തിട്ടുണ്ടായിരുന്നു.

(ബി) 1-6-2015 മുതൽ 31-3-2017 വരെ സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർ തസ്തികയിൽ തുടർച്ചാനുമതിക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ തസ്തികകൾക്കും തുടർച്ചാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

## വി.ആർ. ജയരാജനെ പ്യൂൺ തസ്തികയിൽ നിയമിക്കാൻ നടപടി

138 (5865) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്കിലെ ഡെയ്‌ലി കളക്ഷൻ ഏജന്റ് വി.ആർ.ജയരാജനെ ബാങ്കിൽ ഒഴിവുള്ള പ്യൂൺ തസ്തികയിൽ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നമ്പർ 9368/C3/2015/സഹ.എന്ന ഫയലിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫയൽ തീർപ്പ് കൽപ്പിച്ച് ടിയാനെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുവാനും ആയതിന്റെ പകർപ്പ് ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ?